ചെയ്തതാണ്. അതിനുശേഷം ചില സാങ്കേതിക പ്രശ്നങ്ങളുണ്ടായി തടസ്സപ്പെട്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു ഉന്നതതലയോഗം ചേരാനുള്ള നടപടി സ്വീകരിച്ചുകൊണ്ട് ആ പാലത്തിന്റെ പണി ആരംഭിക്കാനുള്ള സംവിധാനം ഒരുക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, നാദാപുരം മുതൽ മുട്ടുങ്ങൽവരെയുള്ള റോഡ് നിലവിൽ മേജർ ഡിസ്ട്രിക് റോഡാണ്. ഈ റോഡ് സംസ്ഥാനപാതയുടെ നിലവാരത്തിലേയ്ക്ക് ഉയർത്തണമെങ്കിൽ ചിലയിടങ്ങളിൽ സ്ഥലം ഏറ്റെടുക്കേണ്ടതായുണ്ട്. ഇതിനുള്ള പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ തയ്യാറാക്കിവരുന്നു. പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. എന്നാൽ ഇതേ റോഡ് ബി.എം. ആന്റ് ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി 21 കോടി രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. തുരുത്തിമുക്ക് പാലം നിർമ്മാണത്തിന് മുമ്പ് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുള്ളതാണ്. എന്നാൽ സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാക്കാൻ സാധിക്കാത്തതുമൂലം പാലം പണി ആരംഭിക്കാനായില്ല. സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് പാലത്തിന്റെ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. ബഹുമാനപ്പെട്ട ഇ. കെ. വിജയൻ സ്ഥലം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

20. വാടി-മുളക്കട റോഡ്

ശ്രീ. പി. കെ. ഗുരുദാസൻ : സർ, വാടി-മുളക്കട റോഡ് 900 മീറ്റർ ദൂരമുള്ളതാണ്. 115 കുടുംബങ്ങളുടെ വീടും മതിലുമെല്ലാം ഇടിച്ചുപൊളിച്ചാണ് ആ റോഡിന് വീതി കൂട്ടിയിരിക്കുന്നത്. അവസാനം ഒരു കുരിശുടിയും മാറ്റി. അപ്രകാരം വീതി കൂട്ടിയ ആ സ്ഥലം ഏറ്റവും ജനസാന്ദ്രതയുള്ളതാണ്. അതിന്റെ കിഴക്കുവശം മഹാറാണി മാർക്കറ്റാണ്, പടിഞ്ഞാറുവശം കൊല്ലം ജില്ലയിലെ ഏറ്റവും വലിയ ക്രിസ്ത്യൻ ദേവാലയമാണ്, മറുഭാഗത്ത് ഏറ്റവും വലിയ മുസ്ലീം പള്ളിയുമാണ്. ജനസാന്ദ്രതകൂടിയ പ്രസ്തുത സ്ഥലത്തുള്ള ആ റോഡ് പുനർനിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. ഇന്ന് സ്ത്രീകളും കുട്ടികളും എല്ലാവരുംകൂടി അവിടെയുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ സത്യാഗ്രഹം നടത്തിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി മുൻകയ്യെടുത്ത് പെട്ടെന്ന് തന്നെ അത് നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ മണ്ഡലത്തിൽ നിരവധി പദ്ധതികൾക്ക് ഫണ്ട് അനുവദിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചുകൊണ്ടിരിക്കുകയുമാണ്. മുളക്കുടം ജംഗ്ഷൻമുതൽ വാടിവരെയുള്ള റോഡ് വികസനത്തിനായി 2009-ലാണ് നാല് കോടി രൂപയുള്ള ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിരുന്നത്. എന്നാൽ റോഡ് പണി ആരംഭിക്കുന്നതിന് സ്ഥലം ഏറ്റെടുക്കാൻ സാധിച്ചില്ല. സ്ഥലം കിട്ടിയില്ല എന്നുള്ളതാണ് [illegible] 2014-ൽ ഒരു കോടി 14 ലക്ഷം രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. അതിനോടനുബന്ധിച്ചുള്ള വൃക്ഷങ്ങളുടെ വില, എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ്, കെട്ടിടങ്ങളുടെ വില എന്നിവയ്ക്കായി 37.65 ലക്ഷം രൂപകൂടി 2015 ഫെബ്രുവരിയിൽ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത റോഡ് വികസനത്തിനായി ചീഫ് എഞ്ചിനീയർ സമർപ്പിച്ച 4 കോടി രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് ആദ്യഅവസരത്തിൽത്തന്നെ കൊടുക്കുന്നതായിരിക്കും.

21. അങ്കമാലി ബൈപ്പാസ് റോഡും ശ്രീ ശങ്കരാചാര്യ സമാന്തര പാലം നിർമ്മാണവും

ശ്രീ. ജോസ് തെറ്റയിൽ : സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അങ്കമാലി ബൈപ്പാസ് റോഡ്, കാലടി പാലം എന്നിവ സംബന്ധിച്ച എന്റെ നാലാമത്തെ സബ്മിഷനാണിത്. അങ്കമാലി ബൈപ്പാസ് റോഡിനെക്കുറിച്ച് 2012-ൽ തീരുമാനിച്ചകാര്യങ്ങൾ ഇതുവരെ ഒന്നും മുന്നോട്ടുപോയിട്ടില്ല. ഇതുസംബന്ധമായ ചർച്ചകളിലും ബഡ്ജറ്റ് ചർച്ചകളിലും പങ്കെടുക്കുമ്പോൾ ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ ഇക്കാര്യം ധരിപ്പിച്ചതുമാണ്.

കാലടി ശ്രീശങ്കര പാലത്തിന്റെ പ്രവൃത്തി മൂന്നര വർഷമായിട്ടും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഇതിനായി 42 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി സ്വാഗതാർഹമായ നിലപാടുകളാണ് സ്വീകരിക്കുന്നതെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. ഇക്കാര്യങ്ങൾക്ക് അദ്ദേഹത്തിന് വളരെ ഉറന്ന മനസ്സാണുള്ളത്. പക്ഷേ ഈ ഗവൺമെന്റിൽത്തന്നെ ചില വ്യക്തിപരമായ സ്വാധീനവും ബന്ധവുമൊക്കെയുള്ള ആളുകൾ അതിനെ തടസ്സപ്പെടുത്തിയതു കൊണ്ട് മൂന്ന് കൊല്ലം നഷ്ടപ്പെട്ടു എന്നത് വസ്തുതയാണ്. പ്രസ്തുത വിഷയം സംബന്ധിച്ച് ഞാൻ 2014-ൽ ചോദിച്ച ചോദ്യത്തിന് മറുപടിയായി പറയുന്നത്, 42 കോടി രൂപയുടെ എസ്റ്റിമേറ്റിന് അലൈൻമെന്റ് പുതുക്കി നിശ്ചയിച്ച്, പുതിയ

LIBRARY ARCHIVES Kerala Legislative Assembly